**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5275** — **23/05/2017-ൽ മറുപടിയ്ക്ക്**

## ലൈഫ് ഭവന നിർമ്മാണ പദ്ധതി

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുവാനും എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിലെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാക്കുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക സേവനങ്ങളുടെയും പ്രയോജനം ലഭ്യമാക്കുന്നതിന് ഉതകുന്നതരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നുള്ളതാണ് എല്ലാവർക്കും സുരക്ഷിത ഭവനം പദ്ധതിയായ ലൈഫ് മിഷന്റെ ലക്ഷ്യം.<br>താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്നവരായിരിക്കും ഇതിന്റെ ഗുണഭോക്താക്കൾ<br>1. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ<br>2. ഭവനനിർമ്മാണം ഭാഗീകമായി മാത്രം പൂർത്തിയാക്കി ഭവനരഹിതരായി തുടരുന്നവർ (മുൻകാലങ്ങളിൽ വിവിധ പദ്ധതികളുടെ ഭാഗമായി |

| | | | |
|---|---|---|---|
| | | | പൂർണ്ണമായോ ഭാഗീകമായോ ധനസഹായം ലഭിച്ചവർ)<br>3. പുറമ്പോക്കിലോ തീരദേശമേഖലയിലോ തോട്ടം മേഖലയിലോ താത്ക്കാലിക ഭവനമുള്ളവർ<br>4. ഭൂമിയില്ലാത്ത ഭവനരഹിതർ<br>**ഇതിൽ ആദ്യത്തെ രണ്ട് വിഭാഗക്കാർക്കും വീട് നിർമ്മിക്കാൻ/വാസയോഗ്യമാക്കാൻ ആവശ്യമായ തുക ഗുണഭോക്താവിന് നൽകുന്നതാണ്. മൂന്നും നാലും വിഭാഗക്കാർക്ക് പാർപ്പിടസമുച്ചയങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകളുടെ/ വീടുകളുടെ സമുച്ചയം താലൂക്ക്/ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥലലഭ്യതയും ഉപഭോക്താക്കളുടെ എണ്ണവും പരിഗണിച്ച് ഏറ്റെടുക്കുന്നതാണ്.** |
| (ബി) | ഈ പദ്ധതി പ്രകാരം സർവ്വെ നടത്തി ഓരോ ജില്ലയിലും കണ്ടെത്തിയ ഭവനരഹിതരുടെ എണ്ണം എത്രയാണ്; | (ബി) | ഭൂമിയുള്ള ഭവനരഹിതരെയും, ഭൂമിയില്ലാത്ത ഭവനരഹിതരെയും തരംതിരിച്ച്, എല്ലാ ജില്ലകളിലും പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരികയാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതാണ്. കരട് പ്രസിദ്ധീകരിച്ചശേഷം പരാതി പരിഹരിച്ച്, ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ ഗുണഭോക്തൃപട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നു. ആയതിനുശേഷം മാത്രമേ യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം/വിവരങ്ങൾ ലഭ്യമാകുകയുള്ളു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയനുസരിച്ച് ഭവനനിർമ്മാണത്തിനായി വീടൊന്നിന് അനുവദിക്കുന്ന സഹായധനം എത്രയാണ്; എത്ര ശതമാനം പലിശയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്? | (സി) | ജനറൽ വിഭാഗത്തിന് 3.5 ലക്ഷം രൂപയും, പട്ടികജാതി/മത്സ്യത്തൊഴിലാളികൾ/തോട്ടംതൊഴിലാളികൾ എന്നീ മേഖലയിലുള്ളവർക്ക് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ജില്ലാസാങ്കേതിക സമിതി നിശ്ചയിക്കുന്ന യഥാർത്ഥ തുകയും നൽകുന്നതാണ്. ലൈഫ് പദ്ധതിയിൽ ഗുണഭോക്തൃവിഹിതം നിർബന്ധമല്ല. വസ്തു ഉള്ളവർക്ക് ഭവനം നിർമ്മിക്കുന്നതിന് ധനസഹായം (Subsidy) ആണ് നൽകുന്നത്. വായ്പയല്ലാത്തതിനാൽ പലിശ ബാധകമല്ല. |

സെക്ഷൻ ഓഫീസർ